"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - കോവിഡ് 19 -തിരുവനന്തപുരം ജില്ലയുടെ തീരദേശ മേഖല – അതീവജാഗ്രതാ പ്രദേശമായി സമ്പൂർണ്ണ ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ സൗജന്യ ഭക്ഷ്യധാന്യ വിതരണം സംബന്ധിച്ച് - ഉത്തരവ് പുറപ്പെട്ടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.199/2020/ഭ.പൊ.വി.വ** തീയതി, തിരുവനന്തപുരം, 21/07/2020

---

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയുടെ തീരദേശ മേഖലകളിൽ കോവിഡ് - 19 വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ ജില്ലയുടെ തീരദേശ മേഖല മൊത്തമായി സമ്പൂർണ്ണ ലോക്ക്ഡൗൺ പ്രഖ്യാപിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ തീരദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി, ഈ മേഖല മൂന്ന് സോണുകളായി തിരിച്ച് ഭക്ഷ്യധാന്യ വിതരണവും മറ്റ് പ്രവർത്തനങ്ങളും നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

സോൺ 1 - അഞ്ചുതെങ്ങ് - പെരുമാതുറ

സോൺ 2 - പെരുമാതുറ - വിഴിഞ്ഞം

സോൺ 3 - വിഴിഞ്ഞം - ഊരമ്പ്

പ്രസ്തുത നടപടികളുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ തീരദേശ മേഖലകളിലുള്ള എല്ലാ കാർഡുടമകൾക്കും 5 കി.ഗ്രാം അരി, 1 കി.ഗ്രാം കടല/ചെറുപയർ വീതം വിതരണം ചെയ്യുന്നതിന് ഉത്തരവാകുന്നു. ഇപ്രകാരം അർഹതയുള്ള തീരദേശ മേഖലയിലുള്ള കാർഡുകൾ സംബന്ധിച്ച വിവരം ബന്ധപ്പെട്ട ജില്ല/താലൂക്ക് സപ്ലൈ ഓഫീസർമാർ തിട്ടപ്പെടുത്തി വിതരണം കാര്യക്ഷമമാക്കേണ്ടതും ഈയിനത്തിൽ വരുന്ന ചെലവ് സംസ്ഥാന ദുരന്തനിവാരണ ഫണ്ടിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ലഭ്യമാക്കുന്നതിനാവശ്യമായ നിർദ്ദേശം പൊതുവിതരണ ഡയറക്ടർ അടിയന്തിരമായി ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മണിലാല്.ബി.എസ്**

**ജോയിന്റ് സെക്രട്ടറി**

1. പൊതുവിതരണ ഡയറക്ടർ, തിരുവനന്തപുരം
2. റവന്യൂ വകുപ്പ്

3. ദുരന്ത നിവാരണ വകുപ്പ്

4. വെബ് & ന്യൂ മീഡിയ

   (ഔദ്യോഗിക പ്രസിദ്ധീകരണത്തിന്)

5. കരുതൽ ഫയൽ/ഓഫീസ് കോപ്പി/ഓഫീസ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ഭക്ഷ്യ പൊതുവിതരണ വകുപ്പ മന്ത്രിയുടെ പി.എസ് - ന്

ഭക്ഷ്യ വകുപ്പ സെക്രട്ടറിയുടെ സി.എയ്ക്ക്